കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമ പഞ്ചായത്തിന്റെ 2004-2005, 2009-2010 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1, 3.9(2) - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ).നം.2324/2015/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി,28.07.2015

---

പരാമർശം : 1. കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 17.06.2014 – ലെ എ 1/14913/14 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 12.03.2015 – തിയതിയിലെ എം3/3028/15 നമ്പർ കത്ത്

3. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 18.06.2015 – തിയതിയിലെ എൽ.എഫ്.5177/പി.റ്റി3 /15 നമ്പർ കത്ത്

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമ പഞ്ചായത്തിന്റെ 2004-2005 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം സർക്കാർ പദ്ധതി വിഹിതമായി നൽകുന്ന തുക ഉപയോഗിച്ച് ഉൽപ്പാദന മേഖലയിൽ ആരംഭിച്ച ജലസേചന പദ്ധതി കുടിവെള്ള പദ്ധതിയായി മാറ്റിയ നടപടി തെറ്റായതിനാൽ നിയമലംഘനം ചൂണ്ടിക്കാട്ടിയുള്ള സെക്രട്ടറിയുടെ കുറിപ്പ് മറികടന്ന് തെറ്റായ തീരുമാനം എടുത്തതിന് പഞ്ചായത്ത് പ്രസിഡന്റിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിരുന്നു. പഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് ഉൽപ്പാദന മേഖലയിൽ ആരംഭിച്ച ജലസേചന പദ്ധതിയിൽ നിന്ന് കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിച്ചതിനു ശേഷവും ധാരാളം വെള്ളം ലഭിച്ചിരുന്നതിനാലും അധിക ജലം ഉപയോഗിക്കുന്നതിലൂടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയുമായിരുന്നതിനാലുമാണ് മേൽ പദ്ധതി ജലനിധി പദ്ധതിയിലുൾപ്പെടുത്തി ഗുണഭോക്തൃസമിതിക്ക് കൈമാറിയതെന്നും പഞ്ചായത്ത് പ്രസിഡന്റിൽ നിന്നും വിശദീകരണം ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണ സമിതി കണ്ടെത്തിയിരുന്നു. ആയതിനാൽ ഇക്കാര്യത്തിൽ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്.

നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം കാലിത്തീറ്റ വിതരണത്തിന് സബ്സിഡി അനുവദനീയമല്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 89908 രൂപയുടെ ചെലവും കിഴക്കോത്ത് ഗ്രാമ പഞ്ചായത്തിന്റെ 2009-2010 വർഷത്തെ

ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9(2) പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. പഞ്ചായത്തിലെ ദരിദ്രരായ കർഷകർക്ക് പൊതുമാർക്കറ്റിൽ നിന്നും വാങ്ങുന്നതു പോലെ കാലിത്തീറ്റ സബ്സിഡിയില്ലാതെ വാങ്ങുന്നത് വളരെ പ്രയാസ്സമുണ്ടാക്കിയിരുന്നതിനാലാണ് ഇത്തരത്തിൽ ചെലവ് ചെയ്തിരുന്നതെന്നും മേൽ പ്രവൃത്തിയിലൂടെ പഞ്ചായത്തിലെ പാലുൽപ്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിലും സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് ഭരണ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ 2004-2005, 2009-2010 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1, 3.9(2) എന്നിവക്ക് സർക്കാർ സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ, സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ മേൽ ഖണ്ഡികകൾക്ക് സാധൂകരണം നല്കുന്നതിന് ആ വകുപ്പിന് എതിരഭിപ്രായമില്ല എന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പരാമർശം രണ്ട് പ്രകാരമുള്ള പഞ്ചായത്ത് ഡയറക്ടറുടെ കത്ത്, പരാമർശം മൂന്ന് പ്രകാരമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ കത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമ പഞ്ചായത്തിന്റെ 2004-2005, 2009-2010 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1, 3.9(2) എന്നിവ പ്രകാരം തടസ്സപ്പെടുത്തിയ ചെലവുകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി.വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ